Revenue friendly

കേരള സർക്കാർ

സംഗ്രഹം

BACKWARD CLASSES DEVELOPMENT DEPARTMENT
Scmo 9444/22
03 MAR 2022

പിന്നാക്ക വിഭാഗ വികസന വകുപ്പ് - SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെട്ട നാടാർ സമുദായങ്ങളെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

Directorate of BCDD
E.O. No. 15720/22

സ. ഉ. (കൈ) നം.01/2022/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 25/02/2022.

---

പരാമർശം:-
1. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 28/01/2021 -ലെ ഉപദേശം.
2. 06/02/2021 -ലെ സ.ഉ.(കൈ)നം.02/2021/പി.വി.വി.വ. നമ്പർ സർക്കാർ ഉത്തരവ്.
3. WP(C) 12575/2021-ൽ ബഹു. ഹൈക്കോടതിയുടെ 29/07/2021 -ലെ ഇടക്കാല ഉത്തരവ്.
4. 15/09/2021 -ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച S.O.4020 (E) അസാധാരണ ഗസറ്റ് വിജ്ഞാപനം.
5. WP(C) 12575/2021 -ൽ ബഹു. ഹൈക്കോടതിയുടെ 30/11/2021 -ലെ ഉത്തരവ്.

## ഉത്തരവ്

നാടാർ സമുദായത്തിൽപ്പെട്ട ഹിന്ദു നാടാർ, SIUC നാടാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമാണ് നിലവിൽ വിദ്യാഭ്യാസം, ഉദ്യോഗം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് സംവരണം ലഭിക്കുന്നതെന്നും ഇപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് SIUC ഒഴികെയുള്ള നാടാർ ക്രൈസ്തവരെ ഒന്നാകെ മറ്റ് പിന്നാക്ക വിഭാഗത്തിൽ (ഒ.ബി.സി.) ഉൾപ്പെടുത്തി ആനുകൂല്യം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനങ്ങൾ ലഭിച്ചിരുന്നു.

2. ഈ വിഷയം സംബന്ധിച്ച് പിന്നാക്ക വിഭാഗ കമ്മീഷൻ വിശദമായ പഠനം നടത്തി പരാമർശം 1 പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഹിന്ദു നാടാർ സമുദായത്തെ ഐറ്റം നമ്പർ 49 ആയും SIUC നാടാർ വിഭാഗത്തെ 49A ആയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഒ.ബി.സി. പട്ടികയിൽ നാടാർ [ഹിന്ദു നാടാർ, SIUC നാടാർ, SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ (Nadar belonging to Christian religious denominations other than the SIUC)] എന്നീ വിഭാഗങ്ങളെ ഐറ്റം നമ്പർ 42 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ SIUC ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ (Nadar belonging to Christian religious denominations other than the SIUC), 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട്-1 ഷെഡ്യൂൾ III -ൽ ഇനം നമ്പർ 49C ആയി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ബഹു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരാമർശം 1 പ്രകാരം ശുപാർശ ചെയ്തു.

3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ (Nadar belonging to Christian religious denominations other than the SIUC) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് -1 ഷെഡ്യൂൾ III -ൽ ഇനം നമ്പർ 49C ആയി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യം അനുവദിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

(.....2)

Scanned with CamScanner

4. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.എസ്.കട്ടപ്പൻ ചെട്ടിയാർ മുതലായവർ WP(C) 12575/2021 -ാം നമ്പർ ആയി ഹർജി സമർപ്പിക്കുകയും ബഹു. ഹൈക്കോടതി പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവിൻമേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്യുകയും ചെയ്തു.

5. ഇതിനിടയിൽ കേന്ദ്ര സർക്കാർ പരാമർശം 4 പ്രകാരം 105 -ാം ഭരണഘടനാ ഭേദഗതി നിയമം കൊണ്ട് വരികയും, ആയത് പ്രകാരം അനുഛേദം 342A-ൽ (3)-ാം ഉപവകുപ്പ് കൂട്ടിച്ചേർക്കുകയും ഉണ്ടായി. പ്രസ്തുത ഉപവകുപ്പ് പ്രകാരം സംസ്ഥാന സർക്കാരുകൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിയമാനുസൃതം സംസ്ഥാന ആവശ്യങ്ങൾക്കായി സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും അധികാരം നൽകിയതിനെ തുടർന്ന് സംസ്ഥാനത്തിന് നിയമപ്രകാരം ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് എന്ന് വ്യക്തമാക്കി ബഹു. ഹൈക്കോടതി WP(C) 12575/2021 പരാമർശം 5 പ്രകാരം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച്, SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ (Nadar belonging to Christian religious denominations other than the SIUC) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് -1 ഷെഡ്യൂൾ III -ൽ ഇനം നമ്പർ 49C ആയി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി സംവരണ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു. ഈ ഉത്തരവിന് 15/08/2021 തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

7. ഈ വിഷയത്തിൻമേൽ സർക്കാർ വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

8. പരാമർശം 2 -ലെ 06/02/2021 -ലെ സ.ഉ.(കൈ) നം.02/2021/പി.വി.വി.വ. നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പ്രണബ് ജ്യോതി നാഥ്**
**സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (23/02/2022 -ലെ ഇനം നം. 578 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

(.....3)

Scanned with CamScanner

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (KS&SSR-ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Revenue friends

Scanned with CamScanner